**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4356** **22.07.2015 ൽ മറുപടിയ്ക്ക്**

## ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം

| | ചോദ്യം<br>ശ്രീ.എം.എ. വാഹിദ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ നടപ്പാക്കിയ ഇ-ഓഫീസ് സംവിധാനത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ; | (എ) യും (ബി) യും | കേന്ദ്ര സർക്കാർ പിൻതുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേയ്ക്ക് മാറുമ്പോഴുണ്ടാകുന്ന സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഇ-ഓഫീസ് കൈകാര്യം ചെയ്യുമ്പോൾ ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഹാൻഡ് ഹോൾഡ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനം നൽകി വരുന്നു. |
| (ബി) | പ്രസ്തുത പോരായ്മകൾ സമയ ബന്ധിതമായി പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചുള്ള വിവരം നൽകുമോ; | | |
| (സി) | പ്രസ്തുത സംവിധാനത്തിലൂടെ പ്രോസസ് ചെയ്യുന്ന, ഓരോ നിയോജക മണ്ഡലത്തിലെയും പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളുടെ വിവരം ജനപ്രതിനിധികൾക്കു കൂടി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പൊതുജനങ്ങൾക്ക് ഫയലിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാകുന്ന സിറ്റിസൺ ഇന്റർഫേസ്, ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ http://eoffice.kerala.gov.in എന്ന യു.ആർ.എൽ മുഖാന്തിരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഇത് ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ